കണ്ണൂർ സർവ്വകലാശാല

(സിംഗിൾ വിൻഡോ അഡ്മിഷൻ സെൽ)

നം.അക്കാദ് SWS/532/2018 തീയ്യതി: 27/10/2018

## പ്രസിദ്ധീകരണത്തിന്

## എം.എസ്.സി കെമിസ്ട്രി പ്രവേശനം – സ്പോട്ട് അഡ്മിഷൻ നവംബർ 7ന്

2018-19 അധ്യയനവർഷത്തിൽ, കണ്ണൂർ സർവ്വകലാശാലയുടെ കീഴിലുള്ള തലശ്ശേരി ഗവ.ബ്രണ്ണൻ കോളേജിൽ പുതുതായി ആരംഭിക്കുന്ന എം.എസ്.സി കെമിസ്ട്രി പ്രോഗ്രാമിലേക്കുള്ള പ്രവേശനത്തിന് അപേക്ഷ ക്ഷണിച്ചു. അപേക്ഷകൾ www.cap.kannuruniversity.ac.in എന്ന വെബ്സൈറ്റിൽ ഓൺലൈനായാണ് സമർപ്പിക്കേണ്ടത്. ഓൺലൈൻ രജിസ്ട്രേഷൻ 28.10.2018 ന് ആരംഭിക്കുന്നതാണ്.രജിസ്ട്രേഷൻ ഫീസ് ഓൺലൈനായാണ് അടക്കേണ്ടതാണ്. രജിസ്ട്രേഷൻ ഫീസ് അടക്കേണ്ട അവസാന തീയ്യതി നവംബർ 1 ആണ്. അപേക്ഷ പൂർത്തിയാക്കേണ്ട അവസാന തീയ്യതി നവംബർ 3 ആണ്.നേരത്തെ ഓൺലൈൻ രജിസ്റ്റർ ചെയ്തവരും പുതുതായി രജിസ്റ്റർ ചെയ്യേണ്ടതാണ്. കണ്ണൂർ സർവ്വകലാശാലയുടെ മറ്റു കോളേജുകളിൽ പ്രവേശനം നേടിയ വിദ്യാർത്ഥികളെ പരിഗണിക്കുന്നതല്ല. ഓൺലൈൻ രജിസ്ട്രേഷൻ ഫീസ് SC/ST വിഭാഗത്തിന് 100/- രൂപയും മറ്റു വിഭാഗങ്ങൾക്ക് 400/- രൂപയുമാണ്. ഇൻഡക്സ് മാർക്കിൻറെ അടിസ്ഥാനത്തിലുള്ള റാങ്ക് ലിസ്റ്റ് 2018 നവംബർ 5ന് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതാണ്.റാങ്ക് ലിസ്റ്റിൻറെ അടിസ്ഥാനത്തിൽ 2018 നവംബർ 7ന് കോളേജിൽ വെച്ച് സ്പോട്ട് അഡ്മിഷൻ നടത്തുന്നതാണ്

ഫോൺ നമ്പർ : 0497 2715284, 0497 2715261

രജിസ്ട്രാർ